"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ നേരിടുന്നതിന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ശ്രുഭാസ്റ്റി എന്ന പേരിലുള്ള സ്ഥാപനത്തിന് വിഭവ സമാഹരണം സംബന്ധിച്ച അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്

സ.ഉ.(സാധാ) നം.1175/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2019

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09/10/2018ലെ DTP/D3/4789/17 നമ്പർ കത്ത്.

2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018ലെ 4.32 നമ്പർ തീരുമാനം.

3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019ലെ 4.2 നമ്പർ തീരുമാനം.

## ഉത്തരവ്

കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ നേരിടുന്നതിന് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമവും, വികസനവും ലക്ഷ്യമാക്കി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് "ശ്രുഭാസ്റ്റി" എന്ന പേരിൽ ഒരു ജില്ലാ തല ഭിന്നശേഷി വിഭവകേന്ദ്രം (DDRC) സ്ഥാപിക്കുന്നുണ്ട് എന്നും, ഇത്തരം കുട്ടികളെ പരിചരിക്കുന്നതിനുള്ള സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻ തന്നെ പ്രവർത്തനം തുടങ്ങണമെന്നും ഇതിന് ആദ്യത്തെ രണ്ട് വർഷത്തേക്ക് ആവശ്യമായി വരുന്ന ചെലവ് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്താൻ ഉദ്ദേശിക്കുന്നു എന്നും. ആയതിനു അനുമതി നൽകണമെന്നുമുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1)ലെ ആവശ്യം പരാമർശം (2) പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ യോഗത്തിൽ പരിഗണിച്ചിരുന്നെങ്കിലും ഇതിന്മേൽ ജില്ലാ ആസൂത്രണ സമിതി തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം കൂടി

തീരുമാനമെടുത്ത് അറിയിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

2. ആയതിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് കൂടിയ ജില്ലാ ആസൂത്രണ സമിതിയുടെ 24/03/2018ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 05/02/2019 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതി പരിശോധിക്കുകയുണ്ടായി. ടി സമിതിയുടെ പരാമർശം (3)ലെ തീരുമാനപ്രകാരം, ഈ നിർദ്ദേശം സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം ജില്ലാ ആസൂത്രണ സമിതി തലത്തിൽ വിളിച്ച് താഴെ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തുക നൽകാൻ തയ്യാറാണെങ്കിൽ തുക കൈമാറാൻ അനുമതി നൽകി ഉത്തരവാകുന്നു.

1. ഗ്രാമ പഞ്ചായത്ത് 50000 രൂപ
2. ബ്ലോക്ക് പഞ്ചായത്ത് 1 ലക്ഷം രൂപ
3. മുനിസിപ്പാലിറ്റി 1 ലക്ഷം രൂപ
4. കോർപ്പറേഷൻ 10 ലക്ഷം രൂപ
5. ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ജില്ലാപ്ലാനിംഗ് ഓഫീസർ,തൃശ്ശൂർ

ജില്ലാകളക്ടർ, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

നഗരകാര്യ ഡയറക്ടർ

തൃശ്ശൂർ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും

തൃശ്ശൂർ ജില്ലയിലെ എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും

**File No.DB4/78/2019-LSGD**

സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ